**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബജറ്റ് എസ്റ്റിമേറ്റ്സ് 2011-12 - ഗ്രാമ പഞ്ചായത്തുകൾ - വരവ്, ചെലവ്, വിടവ് നികത്തൽ ഇനത്തിൽ (പൊതു ആവശ്യ ഫണ്ട്) തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്എം) വകുപ്പ്**

സ.ഉ.(സാധാ.) നം. **970**/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരംഃ 30.03.2012.

================================================================================

പരാമർശംഃ- 1) സർക്കാർ ഉത്തരവ് (പി) 177/06/ധന. തീയതിഃ 12.04.2006.
2) സർക്കുലർ നം. 59278/എഫ്.എം1/2011/ത.സ്വ.ഭ.വ., തീയതിഃ 21.12.2011.
3) സ.ഉ.(സാധാ.) നം.1800/2012/ധന. തീയതിഃ 29.02.2012.
4) സ.ഉ.(സാധാ.) നം. 717/2012/ത.സ്വ.ഭ.വ. തീയതിഃ 09.03.2012.
5) സ.ഉ.(സാധാ.) നം. 2744/2012/ധന. തീയതിഃ 28.03.2012.
6) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ കത്ത് നമ്പർ എൽ.എഫ്.20171/എസ്.എസ്4/2011 തീയതിഃ 12.03.2012.

## ഉത്തരവ്

തനത് ഫണ്ടും പൊതു ആവശ്യ ഫണ്ടും വിനിയോഗിച്ച് ഭരണ ചെലവും നിർബന്ധിത സേവനങ്ങൾ നൽകുന്നതിനുള്ള ചെലവും നിർവ്വഹിക്കുന്നതിന് കഴിയാത്ത ഗ്രാമ പഞ്ചായത്തുകൾക്ക് വരവ് - ചെലവ് വിടവ് നികത്തൽ ഫണ്ടായി തുക അനുവദിക്കണമെന്നും ഈ തുക ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് വിതരണം ചെയ്യണമെന്നും ഖണ്ഡിക 11.1.4 പ്രകാരം നാലാം സംസ്ഥാന ധനകാര്യ കമ്മിഷൻ ശുപാർശ ചെയ്യുകയുണ്ടായി. സൂചന മൂന്നിലെ ധനകാര്യ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂചന നാല് പ്രകാരം 110 ഗ്രാമ പഞ്ചായത്തുകൾക്കായി വിടവ് നികത്തൽ ഫണ്ട് ഇനത്തിൽ 10,06,58,403/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സൂചന ആറിൽ പറയുന്ന കത്തിൽ ലോക്കൽ ഫണ്ട് ഡയറക്ടർ കാസറഗോഡ് ജില്ലയിലെ അഞ്ച് ഗ്രാമ പഞ്ചായത്തുകൾക്ക് കൂടി 40,15,933/- രൂപ (നാൽപ്പത് ലക്ഷത്തി പതിനയ്യായിരത്തി തൊള്ളായിരത്തി മുപ്പത്തിമൂന്ന് രൂപ മാത്രം) ലഭിക്കുവാൻ അർഹതയുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി അർഹതയുള്ള അഞ്ച് ഗ്രാമപഞ്ചായത്തുകൾക്കായി വിടവ് നികത്തൽ ഫണ്ട് ഇനത്തിൽ 40,15,933/- രൂപ (നാൽപ്പത് ലക്ഷത്തി പതിനയ്യായിരത്തി തൊള്ളായിരത്തി മുപ്പത്തിമൂന്ന് രൂപ മാത്രം) അനുവദിച്ച് ധനകാര്യ വകുപ്പ് സൂചന അഞ്ച് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) ടി സാഹചര്യത്തിൽ ചുവടെ വിശദമാക്കിയിരിക്കുന്ന വിധം കാസറഗോഡ് ജില്ലയിലെ അഞ്ച് ഗ്രാമ പഞ്ചായത്തുകൾക്കായി സംസ്ഥാന

സഞ്ചിത നിധിയുടെ പ്രധാന ശീർഷകമായ 3604-00-200-93-(05)ൽ (പദ്ധതി ഇതരം) നിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് അക്കൗണ്ടിലേക്ക് ചുവടെ കൊടുത്തിരിക്കുന്ന വിധം വിടവ് നികത്തൽ ഫണ്ട് ഇനത്തിൽ **40,15,933/- രൂപ (നാൽപ്പത് ലക്ഷത്തി പതിനയ്യായിരത്തി തൊള്ളായിരത്തി മുപ്പത്തിമൂന്ന് രൂപ മാത്രം)** അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി തുകയുടെ കൈമാറ്റം എല്ലാ ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു.

| **ക്രമ നം.** | **ജില്ല** | **ഗ്രാമ പഞ്ചായത്ത്** | **തുക** | **ആകെ** |
|---|---|---|---|---|
| 1 | കാസറഗോഡ് | കുംബഡജെ (Kumbadaje) | 5,97,367 | **40,15,933/-** |
| 2 | | വലിയപറമ്പ (Valiyaparamba) | 17,15,749 | |
| 3 | | ബെള്ളൂർ (Bellur) | 6,17,552 | |
| 4 | | പനത്തടി (Panathady) | 7,18,323 | |
| 5 | | മൊഗ്രാൽ - പുത്തൂർ (Mogral Puthur) | 3,66,942 | |

| **തദ്ദേശസ്വയം ഭരണ സ്ഥാപനം (ഗ്രാമ പഞ്ചായത്തുകൾ)** | **സഞ്ചിതനിധിയുടെ ശീർഷകം** | **തുക വകയിരുത്തുന്ന ശീർഷകം (പബ്ലിക് അക്കൗണ്ട്)** | **പബ്ലിക് അക്കൗണ്ട്** | **ആകെ തുക** |
|---|---|---|---|---|
| കുംബഡജെ (Kumbadaje)<br>വലിയപറമ്പ (Valiyaparamba)<br>ബെള്ളൂർ (Bellur)<br>പനത്തടി (Panathady)<br>മൊഗ്രാൽ - പുത്തൂർ (Mogral Puthur) | 3604-00-200-93 (05) (പദ്ധതി ഇതരം) | 8448-00-109-95 (03) | ഢജഎഅക | **40,15,933/-** |

3) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സൂചന ഒന്നിന്റെ ഖണ്ഡിക മൂന്നിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ട്രഷറികൾക്കും ആവശ്യമായ ലെറ്റർ ഓഫ് അതോറിറ്റി (അനുബന്ധം (സി) മാതൃകയിലുള്ളത്) നിയന്ത്രണാധികാരി പുറപ്പെടുവിക്കേണ്ടതാണ്. തുക റിലീസ് ചെയ്ത് കൊണ്ടുള്ള പഞ്ചായത്ത് ഡയറക്ടറുടെ പ്രൊസീഡിംഗ്സ് (ഓരോ ഗ്രാമ പഞ്ചായത്തിനുള്ള തുകയും ജില്ലാതലത്തിലുള്ള മൊത്തം തുകയും വ്യക്തമാക്കിയിരിക്കണം) പ്രകാരം കാസറഗോഡ് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തങ്ങളുടെ അധികാര പരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകൾക്കുള്ള ലെറ്റർ ഓഫ് അതോറിറ്റി ഒപ്പുവെയ്ക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എസ്.ജമുന,
അഡിഷണൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്.
പ്രസിഡന്റ്/സെക്രട്ടറി, കുംബഡജെ/വലിയപറമ്പ/ബെള്ളൂർ/പനത്തടി/ മൊഗ്രാൽ - പുത്തൂർ ഗ്രാമ പഞ്ചായത്തുകൾ, കാസറഗോഡ്.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്.
സറ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ധനകാര്യ (എസ്.എഫ്.സി-ഡി) വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ, കേരള (എ&ഇ / എൽ.ബി.എ&എ / ആഡിറ്റ്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ (ഡി.എ) / (എ.സി.) / (എ.എ) വകുപ്പ്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ സെക്രട്ടറി (എഫ്.&ഇ)യുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി (എഫ് & ഇ)യ്ക്ക്.
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.